## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6220** — **31.10.2011 ൽ മറുപടിയ്ക്ക്**

### അനർട്ട് ആവിഷ്ക്കരിച്ച പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പൊതുജനങ്ങൾക്ക് സൗരോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായവും അവ സ്ഥാപിച്ചു നൽകുന്നതിന് അനർട്ട് ആവിഷ്ക്കരിച്ച പദ്ധതികളും എന്തെല്ലാമാണ്; | (എ) അനെർട്ട് ആവിഷ്ക്കരിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1)കേന്ദ്ര ഗവൺമെന്റ് പദ്ധതിയിൽപ്പെട്ട വിദൂരസ്ഥ വില്ലേജ് വൈദ്യുതീകരണം.<br>2)സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളിൽ പാരമ്പര്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വൈദ്യുതീകരണം.<br>3)ജില്ലാ, താലൂക്ക് ആശുപത്രികളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ.<br>4) വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളിൽ താമസിക്കുന്ന ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൗര റാന്തൽ വിതരണം ചെയ്യുക.<br>5) സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ.<br>6)2600 ഗുണഭോക്താക്കൾക്ക് സൗരോർജ്ജ ഉപകരണങ്ങൾ കൊണ്ട് പീക്ക് ലോഡ് നിയന്ത്രിക്കാനുള്ള പൈലറ്റ് പദ്ധതി.<br>7)ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, എൻ.ആർ.എച്ച്.എം ന് കീഴിലുള്ള ആശുപത്രികൾ, ഹോം സ്റ്റേ സെന്ററുകൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പവർ പാക്കുകൾ സ്ഥാപിക്കൽ<br>8)വൈദ്യുതിയുടെ പീക്ക് ലോഡ് ആവശ്യകത കുറയ്ക്കുന്നതിന് ഇപ്പോൾ ഇൻവർട്ടറും യു.പി.എസും ഉപയോഗിച്ചു കൊണ്ടിരിക്കുന്നവരിലേക്ക് സൗരോർജ്ജ പാനലുകളുടെ വ്യാപനം. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതികൾ നടപ്പാക്കുന്നതിന് സന്നദ്ധ സംഘടനകളുമായും മറ്റ് ഏജൻസികളുമായും സഹകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇക്കാര്യം പരിഗണനയിലാണ്. സൗരോർജ്ജ ഉപകരണങ്ങൾക്ക് ഭാവിയിൽ ഉണ്ടാകുന്ന അറ്റകുറ്റപണികൾ, സർവ്വീസുകൾ എന്നിവയ്ക്ക് അവരുടെ സേവനം ഉപയോഗപ്പെടുത്താൻ സാധിക്കും. |
| (സി) | എന്തെല്ലാം ഉപകരണങ്ങളാണ് ഈ പദ്ധതി വഴി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സൗരോർജ്ജ വിളക്കുകൾ, സൗരറാന്തൽ, സൗരോർജ്ജ തെരുവ് വിളക്കുകൾ, സൗരോർജ്ജ ഉൽപാദന പ്ലാന്റുകൾ, സോളാർ പവർ പാക്ക് തുടങ്ങിയ ഉപകരണങ്ങളാണ് ഇത്തരത്തിൽ സ്ഥാപിക്കുവാനും, വിതരണം ചെയ്യുവാനും ഉദ്ദേശിക്കുന്നത്. |

Lahyrlighent

**സെക്ഷൻ ഓഫീസർ**